(ഭരണഭാഷ -മാതൃഭാഷ)

# ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം

കനകനഗർ, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ നമ്പർ. 0471 2314238 (പൊതുവിഭാഗം), 0471 2314232 (വിദ്യാഭ്യാസം)
ഇ-മെയിൽ : ddotvpm@gmail.com

B
student online Board
website..
File

നമ്പർ ബി2- 631/21 തീയതി: 07.01.2022

അസി.ജില്ലാ പട്ടികജാതി വികസന ഓഫീസർ
തിരുവനന്തപുരം

## സർക്കുലർ

വിഷയം:- പട്ടികജാതി വികസനം - ഇ-ഗ്രാന്റ്സ് - പുതുക്കിയ കേന്ദ്ര മാർഗ്ഗ നിർദ്ദേശപ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01.01.2022 തീയതിയിലെ SCDD/10721/2021-B1( EDN B) നമ്പർ കത്ത്.
2. ഈ ഓഫീസിലെ 04.01.2022 ലെ ഇതേ നമ്പർ കത്ത്.

പുതുക്കിയ കേന്ദ്ര മാർഗ്ഗ നിർദ്ദേശപ്രകാരം 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഫീസ് ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഫീസ് തുക വിദ്യാർത്ഥിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുമ്പോൾ ആയത് ലഭിക്കുന്നതിന് പര്യാപ്തമായ തരത്തിൽ പരിധിയില്ലാത്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തന്നെയാണെന്ന് ബാങ്കുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി വ്യക്തത വരുത്തിയും അതോടൊപ്പം വിദ്യാർത്ഥി നിലവിൽ ഉപയോഗിച്ച് വരുന്ന മൊബൈൽ നമ്പർ തന്നെയാണ് പ്രൊഫൈലിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് നിർബന്ധമായും ഉറപ്പ് വരുത്തിയതിന് ശേഷം ബാങ്ക് പാസ്ബുക്കുമായി വിദ്യാർത്ഥി സ്ഥാപന മേധാവിയെ സമീപിക്കേണ്ടതും, സ്ഥാപനമേധാവി വിദ്യാർത്ഥിയുടെ ഇ-ഗ്രാന്റ്സ് പ്രൊഫൈൽ, ബാങ്ക് രേഖകൾ, മൊബൈൽ നമ്പർ എന്നിവ പരിശോധിച്ച്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പിൽ സ്ഥാപനമേധാവി ആയത് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതും ശേഷം ആയത് ഉൾപ്പെടെ വിദ്യാർത്ഥികളുടെ ആധാർ, ബാങ്ക് പാസ് ബുക്ക് എന്നിവ സഹിതം വിദ്യാർത്ഥികളെ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്. 2021-22 അദ്ധ്യയനവർഷം പഠനം നടത്തിവരുന്ന എല്ലാ പട്ടികജാതി വിഭാഗവിദ്യാർത്ഥികൾക്കും മാത്രമാണ് മേൽ വിവരിച്ച നടപടിക്രമങ്ങൾ ബാധകമാകുന്നത്.

അസി.ജില്ലാ പട്ടികജാതി വികസന ഓഫീസർ